പതിനാലാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2308 — 12.03.2020-ൽ മറുപടിയ്ക്ക്

## ലൈഫ് പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നൽകിയ വീടുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.കെ.ബഷീർ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | | എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എത്ര വീടുകൾ നിർമിച്ച് നൽകിയിട്ടുണ്ട്; എത്ര വീടുകൾ ഇനിയും പൂർത്തിയാക്കാനുണ്ട്; വിശദമാക്കുമോ; | എ) | മുൻ വർഷങ്ങളിൽ അനുവദിച്ചതും 31.03.2016-നുള്ളിൽ പൂർത്തീകരിക്കാത്തതുമായ 12054 പട്ടികവർഗ്ഗ ഗുണഭോക്താക്കളുടെ വീടുകൾ ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തുകയും, ആയതിൽ 11085 വീടുകൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന 969 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.<br><br>ലൈഫ് മിഷൻ പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ 5526 പട്ടികവർഗ്ഗ ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ഗുണഭോക്താക്കളിൽ 3503 പേർ കരാറിൽ ഏർപ്പെട്ട് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുകയും 1109 വീടുകളുടെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ലൈഫ് മിഷൻ മാനദണ്ഡങ്ങളിൽ ഇളവ് വരുത്തിയതിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ വികസന വകുപ്പ് 2020-ൽ നടത്തിയ സർവ്വെയുടെയും, ഊരുകൂട്ടങ്ങൾ ലഭ്യമാക്കിയ കണക്കുകളും പ്രകാരം ഭൂമിയുള്ള ഭവനരഹിതരായി 14123 പേരെയും, ഭൂരഹിത ഭവനരഹിതരായി 7173 പേരെയും കണ്ടെത്തിയിട്ടുണ്ട്. ടി മുഴുവൻ ഗുണഭോക്താക്കൾക്കും ലൈഫ് മിഷൻ മുഖേന വീട് അനുവദിക്കുന്നതിന് ലിസ്റ്റ് ലൈഫ് മിഷന് കൈമാറിയിട്ടുണ്ട്. |
| ബി) | ഫണ്ടിന്റെ അപര്യാപ്തതമൂലം പ്രസ്തുത വിഭാഗത്തിന്റെ വീട് പണി മുടങ്ങിയ എത്ര സംഭവങ്ങൾ സംസ്ഥാനത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ; | ബി) & സി) | ഫണ്ടിന്റെ അപര്യാപ്തത മൂലം പട്ടികവർഗ്ഗക്കാർക്കായി അനുവദിക്കുന്ന വീട് പണി മുടങ്ങുന്ന സംഭവങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2019-20 സാമ്പത്തിക വർഷം വകുപ്പിന്റെ ഭവന നിർമ്മാണ ശീർഷകത്തിൽ |

| | | | |
|---|---|---|---|
| സി) | പട്ടികവർഗ്ഗക്കാരുടെ വീട് പണി ഇത്തരത്തിൽ മുടങ്ങിയിട്ടുണ്ടെങ്കിൽ ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | | 57.2 കോടി രൂപ വകയിരുത്തിയതിനു പുറമെ ധന പുനർ വിനിയോഗം മുഖേന അധിക തുക കണ്ടെത്തി ഭവന നിർമ്മാണ പദ്ധതികൾക്കായി പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർമാർക്ക് അനുവദിച്ചിട്ടുണ്ട്. ലൈഫ് മിഷനുള്ള വകുപ്പിന്റെ വിഹിതം നൽകുന്നതിന് 102 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**